MONDAY 30-01-2023 തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S.

Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-30/01/2023.

1. 2023 ഫെബ്രുവരി രണ്ടു മുതൽ അഞ്ചുവരെ മാവേലിക്കര കൊടിക്കൽ ഗാർഡൻസിൽ കാർഷികോത്സവവും പുഷ്പമേളയും സംഘടിപ്പിക്കുന്നതായി സൊസൈറ്റി ഫോർ അഗ്രി ഹോർട്ടികൾച്ചറൽ ഡെവലപ്മെന്റ് സെക്രട്ടറി അറിയിച്ചിരിക്കുന്നു. ഇതിൽ വിവിധതരം വിത്തുകൾ, അലങ്കാര സസ്യങ്ങൾ, ഔഷധസസ്യങ്ങൾ, ആധുനിക ഉപകരണങ്ങൾ, ഓർഗാനിക് മരുന്നുകൾ, പഴവിത്തുകൾ എന്നിവ ലഭ്യമാണ്. കൂടാതെ ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരവും സംഘടിപ്പിക്കുന്നതാണ്. വ്യവസായം, വനം, ഫിഷറീസ്, സെൻട്രൽ ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ പാലോട് എന്നിവയുടെ സ്റ്റാളുകളും ഉണ്ടായിരിക്കുന്നതാണ്.

2. എല്ലാവർഷവും ജനുവരി മാസം 15 മുതൽ 31 വരെ സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ജന്തുക്ഷേമദ്വൈവാരം ആചരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി മൃഗപരിപാലനത്തിനും മൃഗക്ഷേമത്തിനുമായി ജനുവരി 31ന് രാവിലെ 10.30 മണിക്ക് തിരുവനന്തപുരം മഹാത്മാ അയ്യങ്കാളി ഹാളിൽ വച്ച് **ജന്തുക്ഷേമവും മൃഗസംരക്ഷണ വകുപ്പും** എന്ന വിഷയത്തെ ആസ്പദമാക്കി സംസ്ഥാനതല സെമിനാറും സംഘടിപ്പിച്ചിട്ടുണ്ട്. തുടർന്ന് നാലുമണിക്ക് നടത്തുന്ന ജന്തുക്ഷേമ ദ്വൈവാരാചരണ സമാപന സമ്മേളനം ഉദ്ഘാടനം ബഹു. ഗതാഗതാവകുപ്പ് മന്ത്രി അഡ്വ. ആന്റണി രാജുവിന്റെ അധ്യക്ഷതയിൽ ബഹു. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി നിർവഹിക്കുന്നു. ചടങ്ങിൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം. ബി. രാജേഷ് മുഖ്യാതിഥി ആയിരിക്കും.

3. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ സംയോജിത വിളവെടുപ്പാനന്തര പരിപാലനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഹോർട്ടികൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും (35%) മലയോര പ്രദേശങ്ങളിൽ 7.5 ലക്ഷം രൂപയും (50%), പഴം/പച്ചക്കറി ഉന്ത് വണ്ടികൾക്ക് 15,000/- രൂപയും (50%), ശേഖരണം, തരംതിരിക്കൽ,

ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിനുള്ള യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ 6 ലക്ഷം രൂപയും (40%) മലയോര പ്രദേശങ്ങളിൽ (50%) 8.25 ലക്ഷം രൂപയും ധനസഹായം നൽകുന്നു.

കൂടാതെ, കുറഞ്ഞത് ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള നഴ്സറികൾ സ്ഥാപിക്കുന്നതിന് 7.5 ലക്ഷം രൂപയും (50%) കൂൺ കൃഷിയ്ക്ക് 8 ലക്ഷം രൂപയും (40%) കൂൺ വിത്തുത്പാദനത്തിന് 6 ലക്ഷം രൂപയും (40%) ധനസഹായം നൽകി വരുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ഹോർട്ടികൾച്ചർ മിഷന്റെ ഓഫീസുമായി കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്), പ്രിൻസിപ്പൽ കൃഷി ഓഫിസ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട്, എന്ന വിലാസത്തിലോ **9383471782** എന്ന ഫോൺ നമ്പരിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

4. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ഒരു വർഷ കോഴ്സ് ആയ **"ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി (DMT)"** ആറുമാസത്തെ കോഴ്സ് ആയ **"സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാർമിംഗ് (CPF)"** എന്നീ കോഴ്സുകളിലേക്ക് 2023 - 24 വർഷത്തേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാ സമർപ്പിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി കോഴ്സിന് പ്ലസ് ടു വിജയിച്ചിരിക്കണം. സർട്ടിഫിക്കറ്റ് ഇൻ പൗൾട്രി ഫാർമിംഗ് കോഴ്സിന് എട്ടാം ക്ലാസ് വിജയിച്ചിരിക്കണം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഫീസ് ഇളവിന് അർഹരാണ്. ഫൈൻ കൂടാതെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 31.01.2023 ആകുന്നു. onlineadmission.ignou.ac.in വഴി ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9495000931, 9400608493

5. കേരള സംസ്ഥാന കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് നൽകിവരുന്ന ആനുകൂല്യത്തിനായി കർഷകർക്ക് ജൂൺ 30 വരെ അപേക്ഷിക്കാം. കടാശ്വാസ കമ്മീഷൻ മുഖേന കാർഷികവായ്പകൾക്കു നൽകിവരുന്ന കടാശ്വാസത്തിന് പരിഗണിക്കാവുന്ന വായ്പാ തീയതി ഇടുക്കി, വയനാട് ജില്ല ഒഴികെ മറ്റു എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2016 മാർച്ച്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

31 വരെയും ഇടുക്കി വയനാട് ജില്ലകളിലെ കർഷകർക്ക് 2020 ആഗസ്റ്റ് 31 വരെയും ആയി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നതിനായി 2023 ജനുവരി 1 മുതൽ ജൂൺ 30 വരെ കേരള സംസ്ഥാന കടാശ്വാസ കമ്മീഷനിൽ കർഷകർക്ക് കടാശ്വാസത്തിന് അപേക്ഷ നൽകാവുന്നതാണ്. കർഷകർ സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ നിന്നും എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന നിലവിൽ പരമാവധി രണ്ട് ലക്ഷം രൂപ വരെയാണ് കടാശ്വാസം അനുവദിച്ചു വരുന്നത്..

6. ക്ഷീരവികസന വകുപ്പിന്റെ എം.എസ്.ഡി.പി ക്ഷീരഗ്രാമം പദ്ധതിക്ക് തിരുവനന്തപുരം ജില്ലയിൽ വാമനപുരം ബ്ലോക്കിലെ പുല്ലമ്പാറ പഞ്ചായത്തിലെ ക്ഷീരകർഷകരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. രണ്ട് പശു യൂണിറ്റ്, 5 പശു യൂണിറ്റ്, അവശ്യാധിഷ്ഠിത ധനസഹായം (തൊഴുത്ത് നിർമ്മാണം, തൊഴുത്ത് നവീകരണം ഉൾപ്പെടെ), കറവയന്ത്രം എന്നീ ഇനങ്ങൾക്ക് ക്ഷീരശ്രീ പോർട്ടൽ (https://ksheerasree.kerala.gov.in ) മുഖാന്തിരം അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വാമനപുരം ബ്ലോക്ക് ക്ഷീരവികസന ഓഫീസുമായി ബന്ധപ്പെടുക.

7. കേരള കാർഷിക സർവകലാശാലയുടെ കണ്ണാറയിലെ വാഴഗവേഷണ കേന്ദ്രത്തിൽ വച്ച് ഫെബ്രുവരി മാസത്തിൽ '**വാഴനാര് ഉല്പാദനവും ഉപയോഗവും**' എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താത്പര്യമുള്ളവർ 8078403142, 8921129006 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

8. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള 2022 – 23 സാമ്പത്തിക വർഷം രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ വാഴ, പച്ചക്കറി എന്നിവയ്ക്കായി തുറസായ സ്ഥലത്ത് കൃത്യതാകൃഷിയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. സംസ്ഥാനത്തെ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. തുള്ളി നന സൗകര്യത്തോടു കൂടിയുള്ള കൃഷി, പ്ലാസ്റ്റിക് മൾച്ചിംഗ് എന്നീ ഘടകങ്ങൾ ചെയ്യുന്ന യൂണിറ്റുകൾക്കാണ് ധനസഹായം നൽകുക. ഇത്തരത്തിൽ വാഴയ്ക്ക് ഹെക്ടർ ഒന്നിന് 96,000 രൂപയും പച്ചക്കറി ഹെക്ടർ ഒന്നിന് 91,000 രൂപയും ധനസഹായം അനുവദിക്കുന്നു. അപേക്ഷകൾ സമർപ്പിക്കുന്നതിനായി കൃഷിയിടം സ്ഥിതി ചെയ്യുന്ന പരിധിയിലെ കൃഷിഭവനുമായോ ജില്ലാ ഹോർട്ടികൾച്ചർ മിഷനുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും ജില്ലാ ഓഫീസറുടെ

ഫോൺ നമ്പറിനും www.shm.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ ഹോർട്ടികൾച്ചർ മിഷൻ - കേരള ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർമിഷൻ- കേരള, യൂണിവേഴ്സിറ്റി പി ഒ പാളയം, തിരുവനന്തപുരം ഫോൺ നമ്പർ **0471 – 2330857, 9188954089**

**കാർഷിക നിർദ്ദേശങ്ങൾ**

9. പടവലത്തിൽ മൃദുരോമപൂപ്പ് രോഗത്തിനെതിരെ മാങ്കോസെബ്ബ് 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു തളിക്കുക. കൂനൽ പുഴുവിനെ നിയന്ത്രിക്കുവാൻ ഗോമൂത്രം കാന്താരി മിശ്രിതം തളിക്കുക. കീടബാധ രൂക്ഷമാണെങ്കിൽ ക്ലോറാൻട്രാലിപ്രോൾ 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കിതളിക്കുക.

വെള്ളരിവർഗ്ഗ പച്ചക്കറികൾ വിളകളിൽ ചൂർണ്ണപൂപ്പൽ രോഗം നിയന്ത്രിക്കുന്നതിന് ഡിനോക്യാപ്പ് ഒരു മി. ലി ഒരു ലിറ്റർ വെള്ളത്തിൽ ട്രൈക്കോഡെർമ്മ വിറിഡേ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിച്ച് കൊടുക്കാം. 2 ശതമാനം വേപ്പെണ്ണ 14 ദിവസത്തെ ഇടവേളകളിൽ മൂന്നു പ്രാവശ്യം രോഗ ലക്ഷണം കണ്ടു തുടങ്ങുമ്പോൾ മുതൽ തളിച്ച് കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം